(ബി) ഉണ്ട്.

(സി) അതിപുരാതന മന്ദിരങ്ങൾ പുരാവസ്തു സംരക്ഷണ നിയമപ്രകാരം ഏറ്റെടുത്ത് സംരക്ഷിത സ്മാരകങ്ങളായി നില നിർത്തുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിച്ചു വരികയും ചെയ്യുന്നു. സർക്കാർ ഏറ്റെടുക്കുന്ന പുരാവസ്തുക്കൾ സംരക്ഷണത്തിനുശേഷം പൊതുജനങ്ങൾക്ക് കാണുന്നതിനും പഠന ഗവേഷണങ്ങൾക്കുമായി പുരാവസ്തു ദൃശ്യമന്ദിരങ്ങളിൽ പ്രദർശിപ്പിച്ചുവരുന്നു.

വികലാംഗർക്ക് തുല്യാവസരം ഉറപ്പ് വരുത്തുന്നതിന് നടപടി

26 (*434) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗർക്ക് തുല്യാവസരം, അവകാശ സംരക്ഷണം, പൂർണ്ണ പങ്കാളിത്തം ഇവ ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് ;

(ബി) വികലാംഗരെ സംബന്ധിച്ചുള്ള സ്ഥിതി വിവരകണക്കുകൾ എല്ലാ വർഷവും സർക്കാർ ശേഖരിക്കാറുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) വികലാംഗർക്ക് തുല്യാവകാശം, അവകാശ സംരക്ഷണം, പൂർണ്ണ പങ്കാളിത്തം ഇവ ഉറപ്പു വരുത്തുന്നതിനായി, വികലാംഗ (തുല്യ അവസര അവകാശ സംരക്ഷണ പൂർണ്ണ പങ്കാളിത്ത) നിയമം 1995 സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത ആക്ടിന്റെ ചട്ടങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 31-3-1999 ലെ ജി.ഒ. (പി) 9/99/ആക്ഷേവ. ജി.ഒ. (പി) 10/99/ആക്ഷേവ. എന്നീ ഉത്തരവുകൾ പ്രകാരം യഥാക്രമം സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും സ്റ്റേറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ നിർദ്ദിഷ്ട കാലാവധികളിൽ കൂടുകയും വികലാംഗക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. ജി. ഒ. (പി) 24/99/സാക്കേവ. തീയതി 9-6-1999 പ്രകാരം ഒരു സ്റ്റേറ്റ് കമ്മീഷണറെ നിയമിക്കുകയും കമ്മീഷണറേറ്റ് പ്രവർത്തനയോഗ്യമാക്കാൻ വേണ്ടി ആവശ്യമുള്ള സ്റ്റാഫിനെ നൽകുകയും ചെയ്തിട്ടുണ്ട്. വികലാംഗർക്കുള്ള സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിനുവേണ്ടിയുള്ള കോപീറ്റന്റ് അതോറിറ്റിയെയും നിയമിച്ചു. ടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കേരളത്തിലെ സർക്കാർ സർവ്വീസിൽ 3, 4 ക്ലാസ് തസ്തികകളിൽ 3% വികലാംഗർക്കായി സംവരണം ചെയ്തിട്ടുണ്ട്. കരട് ചട്ടങ്ങൾ തയ്യാറാക്കിയതിന്റെ പ്രതികൾ അച്ചടിക്കാൻ സർക്കാർ പ്രസ്സിൽ അയച്ചിട്ടുണ്ട്.

(ബി) എല്ലാ വർഷവും ശേഖരിക്കാറില്ല. പഞ്ചായത്തുതല വികലാംഗ സർവ്വേ നടത്താൻ തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly